**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4220** **18-07-2022 - ൽ മറുപടിയ്ക്ക്**

**തൊടുപുഴ തുടങ്ങനാട് സ്പൈസസ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്കിനായി കിൻഫ്ര ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | (എ) | ഇടുക്കി ജില്ലയിൽ തൊടുപുഴയിലെ മുട്ടത്ത് 15 ഏക്കർ ഭൂമിയിൽ കിൻഫ്ര ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 11.28 ഏക്കറിൽ ചെറുകിട-ഇടത്തര സുഗന്ധദ്രവ്യ / ഭക്ഷ്യവസ്തു നിർമ്മാണ വ്യവസായങ്ങൾക്കായി വികസിപ്പിച്ച പ്ലോട്ടുകൾ അലോട്ട് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ മേഖലയ്ക്ക് ആവശ്യമായ പൊതു അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലവിതരണം, വൈദ്യുതി വിതരണ ശൃംഖല, മാലിന്യ സംസ്കരണം, ടെലികമ്മ്യൂണിക്കേഷൻ/ സൈബർ സെന്റർ/ ഡോക്യുമെന്റേഷൻ സെന്റർ, ബാങ്ക്, റോമെറ്റിരിയൽ സ്റ്റോറേജ് സൗകര്യം, മാർക്കറ്റിംഗ് ഓട്ട്ലെറ്റുകൾ, കഫറ്റേരിയ, കോൺഫറൻസ് റൂം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ